(ബി) വിധിക്കെതിരെ ഹൈക്കോടതിയിൽ ഹർജി നൽകുകയുണ്ടായോ ; ഹർജിയിലെ ആവശ്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി അഡ്വ. കപിൽ സിബൽ ഹാജരാവുകയുണ്ടായോ ; അതിനായി എത്ര രൂപ ചെലവ് വരുമെന്ന് അറിയിക്കുമോ ;

(ഡി) ഹൈക്കോടതി ഈ കേസിൽ നടത്തിയ വിധി പ്രസ്താവം എന്തായിരുന്നു ; വിശദമാക്കുമോ ; ഹൈക്കോടതി വിധിയിലെ ഏതെങ്കിലും പരാമർശത്തിനെതിരെ സുപ്രീം കോടതിയെ സമീപിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ബാർ കോഴ കേസ്സിൽ ബഹു. തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി തുടരന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നു.

(ബി) പ്രസ്തുത കീഴ് കോടതി വിധി വിജിലൻസ് ഡയറക്ടറുടെ നിലവിലുള്ള കേസ്സുകളുടെ അന്വേഷണത്തിലുള്ള അധികാരം ഇല്ലാതാക്കുന്നവിധത്തിൽ ആയിരുന്നതിനാൽ ഇതിനെതിരെയാണ് വിജിലൻസ് ഡയറക്ടർ സർക്കാർ അനുമതിയോടെ റിട്ട് ഹർജി ഫയൽ ചെയ്തത്.

(സി) ഹാജരായി. ചെലവ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിധിയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു : വിജിലൻസ് ഡയറക്ടർക്ക്, വിജിലൻസ് മാന്വലും ബന്ധപ്പെട്ട നിയമങ്ങളും അനുസരിച്ച് അധികാരങ്ങൾ നിലനിർത്തുവാനാണ് വിധിയിലൂടെ ബഹു.ഹൈക്കോടതി ഉത്തരവിട്ടത്. കൂടാതെ ടി കേസിൽ പുറത്തുനിന്നും നിയമോപദേശം തേടിയതിൽ അപാകതയില്ല എന്ന് അഭിപ്രായപ്പെട്ടിരിക്കുകയാണ്. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ തുടരന്വേഷണ ഉത്തരവ് ശരിവച്ച സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടില്ല.

ബാർ കോഴ തുടരന്വേഷണം

296 (306) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(സി) അന്വേഷണ മേൽനോട്ട ചുമതല ആർക്കാണ് ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തുന്നത് ; ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്കെതിരെയുള്ള പരാതികൾ ഇതേ സംഘത്തിനെക്കൊണ്ട് അന്വേഷിപ്പിക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) മറ്റ് മന്ത്രിമാരുടെ പങ്കും അന്വേഷണ വിധേയമാക്കുമോ; ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ ;

(ഇ) അഴിമതി കേസിൽ കോഴവാങ്ങിയതിന്റെ തെളിവ് ലഭിച്ചാൽ, തുടർന്ന് സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ പോലീസ് സൂപ്രണ്ട് ശ്രീ. ആർ. സുകേശന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. ഈ യൂണിറ്റിലെ മറ്റ് ഉദ്യോഗസ്ഥരും അന്വേഷണ സംഘത്തിൽ ഉൾപ്പെടുന്നു. ഈ രണ്ടുപേർക്കും എതിരെയുള്ള ആരോപണങ്ങൾ വ്യത്യസ്ത സമയവും വ്യത്യസ്ത വ്യക്തികളും ഉൾപ്പെട്ടതായതിനാൽ (Not part of same transaction) ഇതു രണ്ടും ഒരേ ഉദ്യോഗസ്ഥർ അന്വേഷിക്കേണ്ടതായ ആവശ്യം ഇല്ലാത്തതാണ്.

(ഡി) മറ്റ് മന്ത്രിമാർക്കെതിരായ ആരോപണം നിലവിലില്ല.

(ഇ) പ്രാഥമിക അന്വേഷണത്തിൽ അഴിമതികുറ്റം വെളിവാകുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുകയും കുറ്റം തെളിയിക്കാൻ ഉതകുന്ന തെളിവുകൾ ഉണ്ടെന്ന് കണ്ടാൽ കോടതിക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly